**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **22-02-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നാളിതുവരെ വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | നാദാപുരത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് അനുവദിച്ച നാദാപുരം വില്ലേജിലെ റീ-സർവ്വേ നം.73/3 ൽപ്പെട്ട 10.12 ആർ ഭൂമിയിലേയ്ക്ക് വടകര, കുറ്റ്യാടി സ്റ്റേറ്റ് ഹൈവേയിൽ നിന്നും പുതിയ റോഡ് നിർമ്മിക്കാൻ സർക്കാർ പുറമ്പോക്കിൽ റീ-സർവ്വേ നം.72 ൽപ്പെട്ട 6.58 സെന്റ് ഭൂമി അനുവദിച്ചിരുന്നു. 2020 ആഗസ്റ്റ് മാസത്തിൽ റോഡ് നിർമ്മാണം ആരംഭിച്ചപ്പോൾ നാദാപുരം പോലീസ് ബഹു. വടകര സബ് കോടതിയിലെ 1/A13/2020 in OS 40/18 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി തടഞ്ഞിരുന്നു. ഇതിനെതിരെ നാദാപുരം അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ ബഹു. വടകര സബ് കോടതിയിൽ തേർഡ് പാർട്ടിയായി കേസ് ഫയൽ ചെയ്യുകയും നം.1A/22/2021 in OS 40/18-ൽ 29.03.2021-ന് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അനുകൂല വിധിയല്ല ഉണ്ടായത് എന്നതിനാൽ സ്റ്റേഷൻ ഓഫീസർ കേസിൽ കക്ഷി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെ; വെളിപ്പെടുത്താമോ; | (ബി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ തടസങ്ങൾ പരിഹരിച്ചശേഷം ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് മാത്രമേ ഫണ്ട് അനുവദിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ